(ഡി) വിവരം ശേഖരിച്ച് നല്കുന്നതാണ്.

(ഇ) 5120 വാഹനങ്ങൾ

(എഫ്) തല്ക്കാലം കമ്മീഷനെ നിയമിക്കുവാൻ ഉദ്ദേശമില്ല.

മറ്റു സംസ്ഥാനങ്ങളിൽ നിന്നും ലഭിക്കുന്ന വാഹനനികുതി കണക്ക് സൂക്ഷിക്കുന്നതിലെ അപാകത

113 (2826) ശ്രീ. ഇ.എം. അഗസ്തി :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റു സംസ്ഥാനങ്ങളിൽ നിന്നും കിട്ടുന്ന കോംപോസിറ്റ് ഫീസ്, ഓതറൈസേഷൻ ഫീസ്, മുതലായവയ്ക്ക് എസ്.ടി.എ.യിൽ സൂക്ഷിക്കുന്ന കണക്കുകളിൽ എന്തെങ്കിലും അപാകത ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മറ്റു സംസ്ഥാനത്തുനിന്നും കിട്ടേണ്ട നികുതിക്ക് കൃത്യമായ കണക്കുകളില്ലാ എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇങ്ങനെ കൃത്യമായ കണക്കുകൾ സൂക്ഷിക്കാത്തതിനാൽ സർക്കാരിന് കിട്ടേണ്ട നികുതി നഷ്ടമായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര ;

(ഇ) ഇത് തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി-ഇ) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

കൊല്ലം സ്റ്റേഷനിൽ നിന്നുള്ള ബോട്ട് സർവ്വീസുകൾ

114 (2827) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഗതാഗത വകുപ്പിന്റെ കീഴിൽ കൊല്ലം സ്റ്റേഷനിൽ നിന്നും എത്ര ബോട്ട് സർവ്വീസുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത് ;

(ബി) അനുവദിച്ച സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനായി എത്ര ബോട്ടുകൾ നൽകിയിട്ടുണ്ട് ; അതിൽ എത്ര സർവ്വീസുകൾ ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നു ; എത്ര ബോട്ടുകളാണ് പ്രവർത്തനക്ഷമമായിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കൊല്ലം സ്റ്റേഷനിൽ നിന്നും എത്ര ബോട്ടുകൾ റിപ്പയറിനായി ആലപ്പുഴ എസ്.ഡബ്ല്യൂ.ടി.ഡി. യിലേക്ക് അയച്ചിട്ടുണ്ട് ; അവ ഓരോന്നും റിപ്പയറിന് അയച്ച തീയതിയും റിപ്പയർ ചെയ്ത് തിരികെ നൽകിയ തീയതിയും വ്യക്തമാക്കാമോ ;

(ഡി) ആലപ്പുഴ വർക്ക്ഷോപ്പിലേക്ക് റിപ്പയറിന് കൊണ്ടുപോയ ചില ബോട്ടുകൾ വെള്ളത്തിൽ മുങ്ങികിടക്കുന്നതായുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഇ) കൊല്ലത്തു നിന്നും ബോട്ടുകൾ സർവ്വീസ് നടത്താത്തതുമൂലം സർവ്വീസ് മുടങ്ങുന്നതുകൊണ്ടും ഈ സർവ്വീസുകളെ ആശ്രയിച്ച് യാത്രചെയ്യുന്ന യാത്രക്കാർക്ക് യാത്രാക്ലേശം അനുഭവിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) കൊല്ലം സ്റ്റേഷനിൽ നിന്നും കഴിഞ്ഞ ആറുമാസക്കാലം ദിവസേന എത്ര സർവ്വീസുകൾ റദ്ദാക്കപ്പെട്ടിട്ടുണ്ടെന്നുള്ളതിന്റെ കണക്ക് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മൂന്ന് ബോട്ട് സർവ്വീസുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) മൂന്ന് ബോട്ടുകൾ നൽകിയിട്ടുണ്ട്. അതിൽ ഒരു ബോട്ടും മേജർ റിപ്പയറിനായി വർക്ഷോപ്പിൽ കയറ്റിയിട്ടുള്ളതിനാൽ രണ്ട് ബോട്ടുകൾ സർവ്വീസ് നടത്തി വരികയായിരുന്നു. എ-29-ാം നമ്പർ ബോട്ട് ഒരാഴ്ചയായി വെള്ളക്കേട് കാരണം സർവ്വീസ് നിർത്തിവച്ചിരിക്കുകയാണ്. ഇപ്പോൾ ഒരു ബോട്ട് മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്.

(സി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മൂന്ന് ബോട്ടുകളും വിവിധ സമയങ്ങളിൽ റിപ്പയറിനായി ആലപ്പുഴയിലേക്ക് അയച്ചിട്ടുണ്ട്. 3-4-1999-ൽ റിപ്പയിറിനയച്ച എ-29-ാം നമ്പർ ബോട്ട് 10-7-1999-ൽ റിപ്പയർ ചെയ്ത് തിരിച്ചു നൽകി. 14-10-1999-ൽ റിപ്പയറിനയച്ച എ-26-ാം നമ്പർ ബോട്ട് 11-2-2000-ൽ റിപ്പയർ ചെയ്ത് തിരിച്ചു നൽകി. 20-1-2000-ൽ റിപ്പയറിനായി അയച്ച എ-37-ാം നമ്പർ ബോട്ട് കരയ്ക്കു കയറ്റി റിപ്പയറിന്റെ പ്രാരംഭപണികൾ നടത്തി വരുന്നു.

(ഡി) ഇല്ല.

(ഇ) ഉണ്ട്. യാത്രാക്ലേശം പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ശരാശരി 30.78 %

വർക്കല റെയിൽവേ അണ്ടർ ബ്രിഡ്ജിന്റെ പണി

115 (2828) ശ്രീമതി ജെ. മെഴ്സികുട്ടിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല യിലെ റെയിൽവേ അണ്ടർ ബ്രിഡ്ജിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly